**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4625** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ധനസഹായങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സമയബന്ധിതമായി ധനസഹായങ്ങൾ അനുവദിച്ച് നൽകുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഓൺലൈൻ സംവിധാനം ഇല്ലാത്ത പദ്ധതികൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിൽ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിന് പ്ലാൻ സ്പേയ്സ് എന്ന സോഫ്റ്റ് വെയർ മുഖേന കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ട്. വകുപ്പുകളുടെ പദ്ധതി പുരോഗതി ജില്ലാ വികസന സമിതിയും ജില്ലാതല വർക്കിങ് ഗ്രൂപ്പും വകുപ്പ് ഡയറക്ടറും യഥാസമയം മോണിറ്റർ ചെയ്തുവരുന്നു. കൂടാതെ മന്ത്രി തലത്തിൽ കൃത്യമായ ഇടവേളകളിലും പദ്ധതി പുരോഗതി സംബന്ധിച്ച് അവലോകനം നടത്തി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ നിയോജക മണ്ഡല അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റികളും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ അനുവദിച്ച ചികിത്സാധനസഹായം നൽകാതെ കുടിശ്ശികയായത് എത്ര പേർക്കാണെന്നും പ്രസ്തുത കുടിശ്ശിക എത്ര രൂപയാണെന്നും വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ 234 പേർക്ക് 65,71,500/-രൂപ (അറുപത്തിയഞ്ച് ലക്ഷത്തി എഴുപത്തി യൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചികിത്സാ ധനസഹായമായി വിതരണം ചെയ്യുന്നതിന് കുടിശ്ശികയുണ്ട്.<br><br>മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിലവിൽ ചികിത്സാധനസഹായം കുടിശ്ശികയില്ല. |
| (സി) | മലപ്പുറം ജില്ലയിൽ ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ കുടുംബത്തിന് | (സി) | മലപ്പുറം ജില്ലയിൽ ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടതയനുഭവിക്കുന്ന പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | നൽകുന്ന ധനസഹായത്തിൽ എത്ര കുടിശ്ശികയുണ്ട്; അവയുടെ ബ്ലോക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | | കുടുംബങ്ങൾക്ക് അനുവദിക്കുന്ന ധനസഹായത്തിനു അപേക്ഷ സമർപ്പിച്ചവർക്ക് ആനുകൂല്യം നിലവിൽ കുടിശ്ശിക ഇല്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | പ്രസ്തുത വിഭാഗത്തിന് അനുവദിക്കാൻ ഉത്തരവായ ചികിത്സാധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് നൽകുന്ന ധനസഹായം, ഭൂരഹിത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് വയ്ക്കുന്നതിന് ഭൂമി രജിസ്റ്റർ ചെയ്തു നൽകിയവർക്ക് നൽകേണ്ട തുക എന്നിവയെല്ലാം കുടിശ്ശികയില്ലാതെ അടിയന്തരമായി അനുവദിക്കുന്നതിനും അവ നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് നൽകുന്ന ധനസഹായം എന്നീ പദ്ധതികൾക്ക് നടപ്പു സാമ്പത്തിക വർഷം ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. കൂടുതൽ തുക റീ അപ്രോപ്രിയേഷൻ മുഖേന ലഭിക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. തുക ലഭ്യമായാൽ ഉടൻ നിലവിൽ ധനസഹായം അനുവദിച്ച് ഉത്തരവായ അപേക്ഷകർക്ക് അടിയന്തിരമായി ധനസഹായം വിതരണം ചെയ്യുന്നതാണ്. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഭൂമി രജിസ്റ്റർ ചെയ്തു നൽകിയിട്ടുള്ളവർക്ക് പദ്ധതി പ്രകാരമുള്ള ധനസഹായ തുക അനുവദിക്കുന്നതിലേയ്ക്കായി ജില്ല പട്ടികജാതി വികസന ഓഫീസർമാർക്ക് 23.02.2023-ന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച് ഉത്തരവായ എല്ലാ ധനസഹായങ്ങളും ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ